# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2611     13.03.2020 -ൽ മറുപടിക്ക്**

**ഗ്രാമീണറോഡുകൾ ഏറ്റെടുക്കുവാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ :** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;<br><br>(ബി) എങ്കിൽ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) & (ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നുംതന്നെ നിലവിൽ പരിഗണനയിൽ ഇല്ല. LSGD റോഡുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് മന്ത്രിസഭായോഗം 2016-ൽ തീരുമാനിച്ചു. LSGD റോഡുകൾ ഏറ്റെടുക്കാനുള്ള പദ്ധതി പരിഗണിച്ചപ്പോഴാണ് തദ്ദേശസ്വയംഭരണ വകുപ്പിനു നൽകിയ സ്വത്തും അധികാരവും തിരിച്ചു പിടിക്കേണ്ടതില്ല എന്ന് മന്ത്രിസഭായോഗം തീരുമാനിച്ചത്. 2011 - 2016 ന് മുമ്പ് 3 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള അസംഖ്യം ഗ്രാമ-നഗര റോഡുകൾ മാനദണ്ഡങ്ങൾ ലംഘിച്ച് ഏറ്റെടുത്തതുകൊണ്ടാണ് ആ മണ്ഡലങ്ങളിൽ ഒരു കാലത്തും PWD യുടെ പ്രവർത്തനം മാതൃകാപരമാകാൻ കഴിയാത്തത്. സങ്കുചിതമായ രാഷ്ട്രീയ കാരണങ്ങളാലും ചില വ്യക്തികളുടെ താൽപര്യപ്രകാരവുമാണ് വലിയ നിലയിൽ 2011-2016 -ൽ ഇപ്രകാരം PWD റോഡുകൾ ഏറ്റെടുത്തത്. മാനദണ്ഡം പാലിച്ചിട്ടില്ല പലകാര്യങ്ങളിലും. |

**സെക്ഷൻ ഓഫീസർ**